LIBRARY ARCHIVES Kerala Legislative Assembly

വ്യവസായ വകുപ്പിലെ കമ്പയിൻഡ് സീനിയോറിറ്റി ലിസ്റ്റ്

295 (635) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യവസായ വകുപ്പിൽ അസി:ഡയറക്ടർ തസ്തികയിലേയ്ക്ക് പ്രൊമോഷൻ നടത്തുന്നതിനുവേണ്ടി ഉപജില്ലാ വ്യവസായ ഓഫീസർ/ അസിസ്റ്റന്റ് രജിസ്ട്രാർമാരുടെ കമ്പയിൻഡ് സീനിയോറിറ്റി ലിസ്റ്റ് നിലവിലുണ്ടോ ;

(ബി) ഇല്ലെങ്കിൽ ആയത് തയ്യാറാക്കാത്തതിന്റെ കാരണം വിശദമാക്കാമോ ;

(സി) സീനിയോറിറ്റി ലിസ്റ്റ് സമയബന്ധിതമായി തയ്യാറാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) അസിസ്റ്റന്റ് ഡയറക്ടറുടെ പ്രമോഷനുവേണ്ടി ഉപജില്ലാ വ്യവസായ ഓഫീസർ/അസിസ്റ്റന്റ് രജിസ്ട്രാർമാരുടെ കമ്പയിൻഡ് സീനിയോറിറ്റി ലിസ്റ്റ് നിലവിലില്ല.

(ബി&സി) കമ്പയിൻഡ് സീനിയോറിറ്റി ലിസ്റ്റ് സമയബന്ധിതമായി തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

വ്യവസായ വകുപ്പിലെ ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റ്

296 (636) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യവസായ വകുപ്പിൽ ഓരോ തസ്തികയിലും ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നതിന് പ്രത്യേക വിഭാഗം നിലവിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ, നിലവിൽ ഏതൊക്കെ തസ്തികകളുടെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട് ; വിശദമാക്കാമോ ;

(സി) വകുപ്പിൽ കൃത്യമായി DPC കൂടുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ച് യഥാസമയം പ്രൊമോഷൻ ലിസ്റ്റ് പ്രസിദ്ധീകരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ച തസ്തികകളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) കൃത്യമായി DPC കൂടി യഥാസമയം സെലക്ട് ലിസ്റ്റ് പ്രസിദ്ധീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.